## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2499

11.10.2011 ലെ മറുപടിയ്ക്ക്

## വ്യാജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുത്തതായി പരാതി

| ചോദ്യം<br>ശ്രീ..കെ. കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി ) | |
|---|---|---|---|
| എ) | എറണാകുളം പറവൂർ താലൂക്കിൽ ഏഴിക്കര വില്ലേജിലെ വിമുക്തഭടൻ ഭാസ്ക്കരപ്പണിക്കർക്ക് കാസർഗോഡ് ജില്ലയിലെ കൊടലമുഗർ വില്ലേജിൽ 1985 -ൽ തണ്ടപ്പേര് നമ്പർ 650 ആയി വില്ലേജ് രജിസ്റ്റർ ഭൂമിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എങ്കിൽ ഭാസ്കരപ്പണിക്കർക്ക് എത്ര ഏക്കർ ഭൂമിയാണ് ഉണ്ടായിരുന്ന തെന്ന് വിശദമാക്കാമോ; | ബി) | കാസർഗോഡ് താലൂക്കിൽ കൊടലമൊഗറു വില്ലേജിൽ റി.സ.നം. 312/4-ൽ 2.30 ഏക്കർ, റി.സ.നം.311/4-ൽ 0.70 ഏക്കർ ഭൂമി (ആകെ 3 ഏക്കർ) എൽ.എ/X/70 കൊടലമൊഗറു പ്രകാരം ശ്രീ.ഭാസ്കരപ്പണിക്കർക്ക് പതിച്ച് നൽകിയിട്ടുണ്ട്. |
| സി) | ഭാസ്കരപ്പണിക്കരുടെ കൈവശം ഉണ്ടായിരുന്ന പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണുള്ള തെന്ന് വിശദമാക്കാമോ; | സി) | ഭാസ്കര പണിക്കരുടെ കൈവശത്തിൽ തന്നെയുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്തിന്റെ ഇതുവരെയുള്ള ഭൂ നികുതി ഈടാക്കിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഭൂമി എന്നാണ് ഭാസ്കരപ്പണിക്കർ മറ്റൊരാൾക്ക് കൈമാറിയിട്ടുള്ളതെന്നും ഇത് സംബന്ധിച്ച കരാറുകളുടേയും പ്രമാണങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ; | ഡി) | ലഭ്യമല്ല. |
| ഇ) | ഭാസ്ക്കരപ്പണിക്കർ മരിച്ചതിനു ശേഷം ടിയാന്റെ പേരിൽ വ്യാജരേഖകൾ ഉണ്ടാക്കിയാണ് പ്രസ്തുത ഭൂമി ഇപ്പോഴത്തെ ഉടമസ്ഥൻ കൈക്കലാക്കിയ തെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | ഇ) | ഉണ്ട് |
| എഫ്) | ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | എഫ്) | ഉണ്ട്. ജില്ലാ കളക്ടറുടെ എസ്.എസ്.2-59748/10 തീയതി.01.12.2010 പ്രകാരം കാസർഗോഡ് തഹസിൽദാരുടെ എ2-21796/10 നമ്പർ ഫയലിൽ അന്വേഷണം നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ